# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഓഗസ്റ്റ് 13**

---

## <u>വയനാട് ദുരന്തം; വിദ്യാർഥികൾക്ക് എം.ജി സർവകലാശാല സൗജന്യ പഠനസൗകര്യം ഏർപ്പെടുത്തും</u>

വയനാട്ടിൽ ഉരുൾപൊട്ടൽ ദുരന്തമുണ്ടായ മേഖലകളിലെ വിദ്യാർഥികൾക്ക് സൗജന്യ തുടർപഠത്തിന് മഹാത്മാ ഗാന്ധി സർവകലാശാല സൗകര്യമൊരുക്കും. വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന പുതിയ സിൻഡിക്കേറ്റിന്റെ ആദ്യ യോഗമാണ് ഇതു സംബന്ധിച്ച തീരുമാനെടുത്തത്.

ഈ പ്രദേശങ്ങളിലെ വിദ്യാർഥികൾക്ക് താത്പര്യമുണ്ടെങ്കിൽ യോഗ്യതയുടെ അടിസ്ഥാനത്തിൽ സർവകലാശാലയിലെ പഠന വകുപ്പുകളിലോ അഫിലിയേറ്റഡ് കോളജുകളിലോ പഠിക്കാൻ ക്രമീകരണം ഏർപ്പെടുത്തും. ദുരന്തത്തിൽ സർട്ടിഫിക്കറ്റുകൾ നഷ്ടമായവരിൽ മഹാത്മാ ഗാന്ധി സർവകലാശാലയിലോ അഫിലിയേറ്റഡ് കോളജുകളിലോ പഠിച്ചവരുണ്ടെങ്കിൽ സർട്ടിഫിക്കറ്റ് സമയബന്ധിതമായി നൽകുന്നതിന് നടപടി സ്വീകരിക്കും.

ദുരന്ത ബാധിത മേഖലയിലെ ജനങ്ങളുടെ പുനരധിവാസ പ്രവർത്തനങ്ങളിൽ സർവകലാശാലയിലെ വിവിധ വകുപ്പുകളുടെ സഹകരണം ഉറപ്പാക്കും. ജനങ്ങൾക്ക് ദുരന്തത്തിന്റെ ആഘാതത്തിൽനിന്ന് മുക്തി നേടുന്നതിനു വേണ്ട പിന്തുണ ഉറപ്പാക്കുന്നത് ഉൾപ്പെടെയുള്ള നടപടികളിൽ അധ്യാപകരും ഗവേഷകരും വിദ്യാർഥികളും പങ്കാളികളാകും.

സർവകലാശാലയിൽ പുതിയ സ്പോർട്സ് ഡയറക്ടറേറ്റ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. അഫിലിയേറ്റഡ് കോളജുകളുടെ കായിക പ്രവർത്തനങ്ങളുടെ സർവകലാശാലത്തിലുള്ള ഏകോപനം ലക്ഷ്യമിട്ടാണ് ഡയറക്ടറേറ്റ് തുടങ്ങുന്നത്.

സർവകലാശാലാ തലം മുതലുള്ള കലോത്സവങ്ങളിൽ വ്യക്തിഗത ഇനങ്ങളിലും ഗ്രൂപ്പ് ഇനങ്ങളിലും എ ഗ്രേഡ് നേടുന്ന പ്രൊഫഷണൽ കോളജ് വിദ്യാർഥികൾക്കും ഗ്രേസ് മാർക്ക് അനുവദിക്കുന്നതിന് സിൻഡിക്കേറ്റ് തീരുമാനമെടുത്തു. പുതിയ സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികളെയും യോഗം തിരഞ്ഞെടുത്തു.

അഡ്വ. റെജി സക്കറിയ(സ്റ്റാഫ്), അഡ്വ. പി.ബി. സതീഷ്കുമാർ(അഫിലിയേഷൻ), ഡോ.എ.എസ്. സുമേഷ്(അപ്രൂവൽ), അരുൺ കെ. ശശീന്ദ്രൻ(ബിസിനസ്), പി.ഹരികൃഷ്ണൻ(ഫിനാൻസ്), ഡോ. ബാബു മൈക്കിൾ(റിസർച്ച് ആന്റ് ഡവലപ്മെന്റ്), പി.ബി. രതീഷ്(ലീഗൽ അഫയേഴ്സ്), അമൽ ഏബ്രഹാം(സ്റ്റുഡന്റ്സ്

വെൽഫെയർ ആന്റ് ഗ്രിവൻസസ്), ഡോ. സെനോ ജോസ്(പ്ലാനിംഗ് ആന്റ് ഡവലപ്മെന്റ്), ഡോ. ടി.വി. സുജ(അക്കാദമിക് അഫയേഴ്സ്), ഡോ. ജോജി അലക്സ്(പരീക്ഷ), ഡോ. ബിജു തോമസ്(സ്റ്റുഡന്റ്സ് ഡിസിപ്ലിൻ) എന്നിവരാണ് കമ്മിറ്റി കൺവീനർമാർ.
(പി.ആർ.ഒ/39/734/2024)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബിവോക്ക് ബ്രോഡ്കാസ്റ്റിംഗ് ആന്റ് ജേർണലിസം (2023 അഡ്മിഷൻ റഗുലർ, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് പുതിയ സ്കീം ജൂൺ 2024)പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഓഗസ്റ്റ് 19 ന് കളമശ്ശേരി സെന്റ് പോൾസ് കോളേജിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

........................

രണ്ടാം സെമസ്റ്റർ എംഎസ്സി ബയോഇൻഫർമാറ്റിക്സ് (2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 23ന് നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/735/2024)

## പരീക്ഷാ ഫലം

അഫിലിയേറ്റഡ് കോളേജുകളിലേ ഇന്റഗ്രേറ്റഡ് എംഎ, എംഎസ്സി (2022 അഡ്മിഷൻ റഗുലർ ഏപ്രിൽ 2024) മൂന്നാം സെമസ്റ്റർ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 27 വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/736/2024)

## സ്പോട്ട് അഡ്മിഷൻ

സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് സയൻസസിൽ മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് (എംപിഇഎസ്) പ്രോഗ്രാമിൽ 12 സീറ്റുകൾ ഒഴിവുണ്ട്. ക്യാറ്റ് പ്രോസ്പക്ട്സ് പ്രകാരം യോഗ്യതയുള്ള വിദ്യാർഥികൾ ഓഗസ്റ്റ് 19ന് രാവിലെ 7.30 ന് അസ്സൽ രേഖകളുമായി വകുപ്പ് ഓഫീസിൽ എത്തിച്ചേരണം. അഡ്മിഷൻ നടപടികളുടെ ഭാഗമായുള്ള കായികക്ഷമതാ പരീക്ഷ, എഴുത്തു പരീക്ഷ, സർട്ടിഫിക്കറ്റ് പരിശോധന എന്നിവ അന്നുതന്നെ നടത്തും.

.........................................

മൂലമറ്റം സെൻറ് ജോസഫ് അക്കാദമി ഓഫ് ഹയർ എജ്യുക്കേഷൻ ആന്റ് റിസർച്ചിൽ ബിപിഇഎഡ്, ബിപിഇഎസ് പ്രോഗ്രാമുകളിൽ നാലു വീതം സീറ്റുകൾ ഒഴിവുണ്ട്. സർവകലാശാലാ ക്യാറ്റ് പ്രോസ്പക്ട്സ് പ്രകാരം യോഗ്യതയുള്ള വിദ്യാർഥികൾ ഓഗസ്റ്റ് 19ന് രാവിലെ 7.30 ന് അസ്സൽ രേഖകളുമായി മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് സയൻസസിൽ എത്തണം. അഡ്മിഷൻ നടപടികളുടെ ഭാഗമായി കായികക്ഷമതാ പരീക്ഷ, എഴുത്തു പരീക്ഷ, സർട്ടിഫിക്കറ്റ് പരിശോധന എന്നിവ അന്നുതന്നെ നടത്തും. ഫോൺ- 0481-2733377

.........................................

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സെൻറർ ഫോർ ഡിസെബിലിറ്റി സ്റ്റഡിസിൽ (ഐ.യു.സി.ഡി.എസ്) ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് (ജി.ഡി.എ) കോഴ്സിൽ എതാനും സീറ്റുകൾ ഒഴിവുണ്ട്. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ (https://iucds.mgu.ac.in/) ഫോൺ-9946299968,8891391580.

.........................................

സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്പ്മെന്റ് സ്റ്റഡീസിൽ എംഎ ഗാന്ധിയൻ സ്റ്റഡീസ്, ഡെവലപ്പമന്റ് സ്റ്റഡീസ് പ്രോഗ്രാമുകളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ഏതെങ്കിലും വിഷയത്തിൽ 45 ശതമാനം മാർക്കോടെ ബിരുദമുള്ളവരെയാണ് പരിഗണിക്കുന്നത്. അർഹരായവർ യോഗ്യതാ രേഖകളുടെ അസ്സലുമായി ഓഗസ്റ്റ് 16 ന് വകുപ്പ് ഓഫീസിൽ നേരിട്ട് എത്തണം. പട്ടിക ജാതി, പട്ടിക വർഗ വിഭാഗങ്ങളിൽ പെട്ട വിദ്യാർഥികൾ ബിരുദം വിജയിച്ചാൽ മതിയാകും. ഫോൺ- 0481-2731039,944767575

(പി.ആർ.ഒ/39/737/2024)

## പരീക്ഷക്ക് അപേക്ഷിക്കാം

നാലാം സെമസ്റ്റർ ബിആർക്ക് (2022 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരിക്ഷകൾ സെപ്റ്റംബർ മൂന്നു മുതൽ നടക്കും. ഓഗസ്റ്റ് 23 വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം. ഓഗസ്റ്റ് 24ന് ഫൈനോടു കൂടിയും ഓഗസ്റ്റ് 27ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

.........................

നാലാം സെമസ്റ്റർ ബിആർക്ക് (2021 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2020 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരിക്ഷകൾ സെപ്റ്റംബർ നാല് മുതൽ നടക്കും. ഓഗസ്റ്റ് 23 വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം. ഓഗസ്റ്റ് 24ന് ഫൈനോടു കൂടിയും ഓഗസ്റ്റ് 27ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.
(പി.ആർ.ഒ/39/738/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**